## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2800

18.08.2017-ൽ മറുപടിക്ക്

### പോളിടെക്നിക്കുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വന്ന കുറവ്

**ചോദ്യം**
**ശ്രീ. പാറക്കൽ അബ്ദുല്ല**

**മറുപടി**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) കേരളത്തിൽ ഇത്തവണ പോളിടെക്നിക്കുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി കുറഞ്ഞ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഇല്ല.

(ബി) എങ്കിൽ ഇക്കാര്യം പരിശോധിക്കുകയുണ്ടായോ; മൂന്നാം ഘട്ട അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ സംസ്ഥാനത്ത് വിവിധ പോളിടെക്നിക്കുകളിലായി മൊത്തം എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) മൂന്നാം ഘട്ട അലോട്ട്മെന്റിനുശേഷം വിവിധ പോളിടെക്നിക്കുകളിലായി ഒഴിവുള്ള സീറ്റുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :-

| | |
|---|---|
| തിരുവനന്തപുരം | 258 |
| കൊല്ലം | 80 |
| പത്തനംതിട്ട | 137 |
| ആലപ്പുഴ | 114 |
| കോട്ടയം | 188 |
| ഇടുക്കി | 180 |
| എറണാകുളം | 116 |
| തൃശ്ശൂർ | 276 |
| പാലക്കാട് | 52 |
| മലപ്പുറം | 168 |
| കോഴിക്കോട് | 52 |
| വയനാട് | 99 |
| കണ്ണൂർ | 201 |
| കാസർഗോഡ് | 175 |

| | |
|---|---|
| (സി) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിലായി എത്ര പോളിടെക്നിക്ക് സീറ്റുകളുണ്ട്; അതിൽ ഓരോന്നിലും ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളെത്രവീതമാണ്; | (സി) സർക്കാർ മേഖലയിൽ 11020 ഉം, എയ്ഡഡ് മേഖലയിൽ 1514 ഉം, സ്വാശ്രയ മേഖലയിൽ 3055 ഉം പോളിടെക്നിക്ക് സീറ്റുകൾ സംസ്ഥാനത്ത് ഉണ്ട്. അവയിൽ സർക്കാർ മേഖലയിൽ 1971 ഉം, എയ്ഡഡ് മേഖലയിൽ 125 ഉം, സ്വാശ്രയ മേഖലയിൽ 1055 ഉം സീറ്റുകൾ 2017 ആഗസ്റ്റ് 11 ലെ കണക്കനുസരിച്ച് ഒഴിഞ്ഞുകിടക്കുന്നു. |
| (ഡി) സ്പോട്ട് അഡ്മിഷൻ വഴി ഒഴിവുകൾ നികത്താനാകും എന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ മുഖേന അതത് സ്ഥാപനങ്ങളിൽ വച്ച് പ്രവേശന പ്രക്രിയ പൂർത്തിയാക്കാൻ കഴിയും. ആഗസ്റ്റ് 16, 17, 18 തീയതികളിലായി ഇത് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ